എം. വി. ഐ. പി.യുടെ പണി പൂർത്തിയായ കനാലുകളുടെ ദൈർഘ്യം

98 [555] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. വി. ഐ. പി. എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിയിൽ മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, മൈനർ ഡിസ്ട്രിബ്യൂട്ടറി ഇവയുടെ ദൈർഘ്യം എത്ര വീതമാണ്;

(സി) ഇതിൽ എത്ര കിലോമീറ്റർ പണി ഇതുവരെ തീർന്നിട്ടുണ്ട്;

(ഡി) 2004 ആഗസ്റ്റ് 15 വരെ പൂർത്തിയായതും നിർമ്മാണം ആരംഭിച്ചതുമായ കനാലുകളുടെ ദൈർഘ്യം എത്രയാണ്;

(ഇ) ഈ സർക്കാർ വന്നശേഷം ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണ്;

(എഫ്) ഈ പദ്ധതിയുടെ കനാലുകൾ കടന്നുപോകുന്ന തൊടുപുഴ, മൂവാറ്റുപുഴ, പിറവം, കടുത്തുരുത്തി, ഏറ്റുമാനൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ പൂർത്തിയായതും പൂർത്തിയാകാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ജി) ഇതിൽ നീർപ്പാലങ്ങൾ, കനാൽ എന്നിവ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2006-ൽ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) മെയിൻ കനാൽ - 65.437 കി. മീ.
ബ്രാഞ്ച് കനാൽ - 57.154 കി. മീ.
ഡിസ്ട്രിബ്യൂട്ടറികൾ - 240.882 കി. മീ.

(സി) മെയിൻ കനാൽ - 62.642 കി. മീ.
ബ്രാഞ്ച് കനാൽ - 40.666 കി. മീ.
ഡിസ്ട്രിബ്യൂട്ടറികൾ - 130.213 കി. മീ.

(ഡി) 2004 ആഗസ്റ്റ് വരെ പൂർത്തിയാക്കിയ കനാലുകളുടെ ദൈർഘ്യം
മെയിൻ കനാൽ - 60.072 കി. മീ.
ബ്രാഞ്ച് കനാൽ - 37.089 കി. മീ.

2004 ആഗസ്റ്റിൽ നിർമ്മാണം പുരോഗമിക്കുന്ന കനാലുകളുടെ ദൈർഘ്യം
മെയിൻ കനാൽ - 3.37 കി. മീ.
ബ്രാഞ്ച് കനാൽ - 13.681 കി. മീ.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly